(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ.ഐഡി.കെ-12/1315/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി ജില്ല, തൊടുപുഴ
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in

തീയതി.28.12.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐഡി.കെ-12/1315/2018 തീയതി. 28.12.2018

## ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക

## വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.08.2017 മുതൽ 11.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018 മുതൽ 19.11.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യു | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ.സി | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | |
| ശ്രീമതി ശശികല മുരുകേശൻ | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | |
| ശ്രീമതി പി. ഇന്ദിര | 1.4.17 മുതൽ 31.5.17 വരെ |

| | |
|---|---|
| ബാബു സുരേഷ് എ.വി. | 1.6.17 മുതൽ 20.6.17 വരെ |
| ടോമി തോമസ് | 21.6.17 മുതൽ 13.7.17 വരെ |
| എം. വിനോദ്കുമാർ | 14.7.17 മുതൽ 31.3.18 വരെ |
| അസി. സെക്രട്ടറി | |
| ശ്രീ. സുരേഷ് കുമാർ വി.വി. | 1.4.17 മുതൽ 20.6.17 വരെ |
| ടോമി തോമസ് | 21.6.17 മുതൽ 31.3.18 വരെ |
| വി.ഇ.ഒ | |
| ശ്രീ രേണുക പി.പി. | 1.4.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |
| ശ്രീമതി ഷൈലജ വി.കെ. | 1.4.17 മുതൽ 31.11.17 വരെ |
| ശ്രീമതി മറിയാമ്മ കെ.ജെ. | 1.12.17 മുതൽ 31.3.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ. ബിനാഷ് തോമസ് | 1.4.17 മുതൽ 31.3.18 വരെ |
| അസി. എഞ്ചിനീയർ | |
| ശ്രീ. സിയാദ് എ. | 1.4.17 മുതൽ 9.10.17 വരെ |
| ശ്രീ. അബ്ദുൾ സമദ്. പി.എസ്. | 10.10.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫിസർ (ഹോമിയോ) | |
| ഡോ. അഞ്ജു എസ്. | 1.4.17 മുതൽ 28.2.18 വരെ |
| ഡോ. ശിവകുമാർ | 1.3.18 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫിസർ (അലോപ്പതി) | |
| ഡോ. ആൽബർട്ട് ജെ. തോട്ടുപാട്ട് | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫിസർ (ആയുർവേദം) | |
| ഡോ. ദിവ്യ ഡേവിഡ് | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫിസർ (വെറ്ററിനറി ഡിസ്പെൻസറി) | |
| ഡോ. ഗണേശൻ | 1.4.17 മുതൽ 31.3.18 വരെ |
| കൃഷി ഓഫീസർ | |
| ശ്രീമതി കുസുമം കെ. | 1.4.17 മുതൽ 31.5.17 വരെ |
| ശ്രീ ഷാജി ഇ.കെ. | 1.6.17 മുതൽ 9.10.17 വരെ |
| ശ്രീമതി ബെറ്റസ് മരീന ജോൺ | 10.10.17 മുതൽ 11.10.17 വരെ |
| ഡോ. തങ്കമണി കെ. | 12.10.17 മുതൽ 31.1.18 വരെ<br>16.2.18 മുതൽ 31.1.18 വരെ |

| | |
|---|---|
| | |
| ശ്രീമതി ബീന ആർ. | 01.02.18 മുതൽ 15.02.18 വരെ |
| ഡോ. തങ്കമണി കെ. | 16.02.18 മുതൽ 31.03.18 വരെ |
| ഹെഡ് മാസ്റ്റർ | |
| ശ്രീ എസ്. മുരുകേശൻ | 1.4.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | ഡി & ഓ , തൊഴിൽ നികുതി - സ്ഥാപനങ്ങ്ളെ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല | 2-1 |
| 14 | ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു. | 2-2 |
| 15 | ആംബുലൻസ് വാടക -ന്യൂന പണമടവ് | 2-3 |
| 16 | വ്യക്തിപരമായ ആവശ്യത്തിന് സെക്രട്ടറി നടത്തിയ യാത്രയ്ക്ക് യാത്രാ ബത്ത നല്കി. | 3-1 |
| 17 | കന്നുകുട്ടി പരിപാലന പദ്ധതി(വനിത) -₹62500/- മൃഗസംരക്ഷണ വകുപ്പിൽ അധികം ഒടുക്കി. | 3-2 |
| 18 | ജവഹർ ഭവന പദ്ധതി - അപാകതകൾ. | 3-3 |

| | | |
|---|---|---|
| 19 | പട്ടിക ജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി വാങ്ങിയ സൈക്കിളുകൾ പൂർണമായും വിതരണം ചെയ്തില്ല. | 3-4 |
| 20 | സ്കൂൾ വിദ്യാർത്ഥകൾക്ക് നൽകുന്നതിനായി വാങ്ങിയ പഠനോപകരണങ്ങൾ പൂർണമായി വിതരണം ചെയ്തില്ല -ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 |
| 21 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല. | 3-6 |
| 22 | അലോപ്പതി മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 3-7 |
| 23 | ഗവ.എൽ.പി.എസ്. സ്കൂൾ ബസ് മെയിന്റൻസ്- ചെലവ് തടസ്സം-100000 | 3-8 |
| 24 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 3-9 |
| 25 | പദ്ധതി നടത്തിപ്പിൽ ഗുരുതരമായ അലംഭാവം | 3-10 |
| 26 | സർക്കാർ മാനദണ്ഡം ലംഘിച്ച് പദ്ധതികൾ നടപ്പാക്കാൻ ഭരണസമിതി തീരുമാനിച്ച് അനുമതി നല്കി | 3-11 |
| 27 | പദ്ധതി തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് | 3-12 |
| 28 | വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തിട്ടില്ല. | 3-13 |
| 29 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/വായ്പതിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം |



# ഭാഗം 1

പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017-ലെ നമ്പർ 1 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 08.03.2018- ലെ നമ്പർ 19(1) തീരുമാന പ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് (പ്രാരംഭ ബാക്കി ₹6371038/-) ഉൾപ്പെടെ ₹19,63,86,601/-ഉം ചെലവ് ₹19,14,69,545/-ഉം നീക്കിയിരിപ്പ് ₹49,17,056/-ഉം ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 07.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| ഓഡിറ്റ് വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018, 21.06.2018 | കെ.എസ്.എ.ഐ.ഡി.കെ. 3/677/2018(21) |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹89,32,257 |
| വരവ് | ₹8,24,78,040 |
| ആകെ | ₹9,14,10,297 |
| ചെലവ് | ₹8,47,80,598 |
| നീക്കിയിരിപ്പ് | ₹66,29,699 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | 0 | 25946000 | 25946000 | 23060741 | 2885259 |
| വികസനഫണ്ട് എസ്.സി.പി. (ACR പ്രകാരം) | 0 | 5509633 | 5509633 | 2649863 | 2859770 |
| വികസനഫണ്ട് ടി.എസ്.പി. (ACR പ്രകാരം) | 0 | 1916221 | 1916221 | 1744344 | 171877 |
| സംരക്ഷണഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 16435000 | 16435000 | 15573878 | 861122 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് (ACR പ്രകാരം) | 0 | 5458000 | 5458000 | 5384625 | 73375 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11110797 | 11110797 | 7345108 | 3765689 |
| കെ.എൽ.എസ്.ജി. ഡി.പി (കേന്ദ്ര വിഹിതം) (ACR പ്രകാരം) | 0 | 482459 | 482459 | 473317 | 9142 |
| കെ.എൽ.എസ്.ജി. ഡി.പി (സംസ്ഥാന വിഹിതം) (ACR പ്രകാരം) | 0 | 1617234 | 1617234 | 1617234 | 0 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | | | | | |
| തൊഴിലാളി കളുടെ കൂലി | | 42494556 | 42494556 | 42494556 | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 231750 | 1380754 | 1612504 | 1607361 | 5143 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| സ്പെ. ഫണ്ട് ടോട്ടൽ സാനിറ്റേഷൻ (കേന്ദ്ര വിഹിതം) | 0 | 4550994 | 4550994 | 2711519 | 1839475 |
| ഐ.സി.ഡി. എസ്. | 1713116 | 540420 | 2253536 | 2253536 | 0 |
| ഐ.സി.ഡി. എസ്. | 2149183 | 0 | 2149183 | 0 | 2149183 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് (സംസ്ഥാന വിഹിതം) വിമുക്തി | 0 | 12500 | 12500 | 0 | 12500 |
| സ്വച്ഛ ഭാരത് മിഷൻ | 526130 | 0 | 526130 | 0 | 526130 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് (എം.എൽ.എ. ഫണ്ട്) | 0 | 498667 | 498667 | 498667 | 0 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് മറ്റ് സംസ്ഥാന പദ്ധതി (RGPSA) | 1500000 | | 1500000 | 1500000 | 0 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് (കുടുംബശ്രീ ചലഞ്ച് ഫണ്ട്) | 0 | 110420 | 110420 | 110420 | 0 |

| | | | | | |
|---|---|---|---|---|---|
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് - (അംഗൻവാടി മെയിന്റനൻസ് ട്രൈബൽ ഡെവ. ഡിപ്പാർട്ട്മെന്റ് ) | 0 | 567000 | 567000 | 0 | 567000 |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് | 0 | | 0 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 100000 | 100000 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 250000 | 250000 | 250000 | 0 |
| ബി-ഫണ്ട് | 0 | 17162400 | 17162400 | 17162400 | |
| ഡെപ്പോസിറ്റ് | 463042 | 127315 | 590357 | 268175 | 322182 |
| ജനറൽ പർപ്പസ് ഗ്രാന്റ് - ട്രഷറി അക്കൗണ്ട് | 160317 | 6853975 | 7014292 | 6628142 | 386150 |
| ഗുണ.വിഹിതം | 641225 | 1430220 | 2071445 | 1487447 | 583998 |
| തനത് ഫണ്ട് ബാങ്ക് | 1547494 | 8206665 | 9754159 | 9516221 | 237938 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 97828212 | 175 | 64964117 | 0 | 41 | 81.01% |

പൂർത്തീയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 231750 | 1380754 | 1612504 | 1607361 | 5143 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 42494556 | 42494556 | 42494556 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 23600 | 2 |
| വിധവാപെൻഷൻ | 4715800 | 389 |
| വാർദ്ധക്യകാലപെൻഷൻ | 12352200 | 963 |
| വികലാംഗപെൻഷൻ | 1077000 | 97 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 70800 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3,400/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഏറെക്കുറെ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കി വരുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി വരുന്നില്ല. സൂചിക സോഫ്റ്റ് വെയർ മുഖേനയുള്ള ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ അക്കൗണ്ടുകളും രജിസ്റ്ററുകളും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ഭരണസംവിധാനത്തിന്റെ ഇടപെടൽ തൃപ്തികരമായ നിലയിൽ ഉണ്ടായിട്ടില്ല. സ്റ്റാന്റിംഗ് കമ്മറ്റികളുടെ നേതൃത്വത്തിലുള്ള മോണിട്ടറിംഗ് ഫലപ്രദമായ രീതിയിൽ ഉണ്ടയിട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.8.2018 | 7/2018 | 18.9.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.12.2016 മുതൽ 23.12.2016 വരെ | 2011-12 മുതൽ 2015-16 വരെ | 16.1.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. ജവഹർ ഭവനപദ്ധതിയുടെ ലോൺ രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

2. സംയുക്തപദ്ധതിയിലൂടെ ലഭിക്കുന്ന ബ്ലോക്ക്- ജില്ലാപഞ്ചായത്ത് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. EFMS വഴി വികലാംഗ പെൻഷന് ചെലവഴിച്ച ₹1077000/- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. റവന്യൂ വരവുകളുടെ രജിസ്റ്ററിലെ തുകകളും വാർഷികകണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

5. കുടിശികകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല.

6. പ്രത്യേക ഉദ്ദേശ്യഗ്രാന്റിനത്തിൽ സംസ്ഥാന ഗ്രാന്റായി ലഭിച്ച ₹1500000/- യിൽ ₹1457763/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക ₹12487/- തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ₹1500000/- ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു.

7. ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് മാസം കഴിഞ്ഞതും നാളിതുവരെയായി പണമായി മാറാത്തതുമായ ചെക്കുകൾ Liabilty in respect of Stale Cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി & ഓ , തൊഴിൽ നികുതി - സ്ഥാപനങ്ങളെ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിൽ വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുക്കുകയും, തൊഴിൽ നികുതി ഒടുക്കുവരുത്തുകയും ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണ്. വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളവ | 574 |
| 100 മുതൽ 200 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളവ | 20 |
| ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 6 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 35 |
| അസംബ്ലി കെട്ടിടം,കൺവൻഷൻ സെന്റർ തുടങ്ങിയവ | 1 |
| വ്യവസായത്തിനുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 102 |
| ഇതര വ്യവസായത്തിനുള്ളവ | 83 |
| മൊബൈൽ ടെലഫോൺ ടവർ | 10 |
| സ്വകാര്യ ഹോസ്റ്റൽ,ഹോംസ്റ്റേ | 2 |
| MSME ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായത്തിനുള്ളവ | 1 |
| ആശുപത്രികൾ | 5 |
| വിദ്യാഭ്യാസാവശ്യം | 13 |
| ആകെ | 852 |

ഡി ആന്റ് ഓ രജിസ്റ്റർ പ്രകാരം 169 സ്ഥാപനങ്ങൾ മാത്രമാണ് 2017-18 വർഷം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ഒന്നിൽ കൂടുതൽ മുറികളോ കെട്ടിടങ്ങളോ ഒരു സ്ഥാപനത്തിന്റെ ഭാഗമായി ഉപയോഗിച്ചേക്കാമെന്നതും, കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കാനുമുള്ള സാദ്ധ്യതയുണ്ടെങ്കിലും 20% സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നല്കിയെന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

ഓഡിറ്റ് വർഷം 36 സ്ഥാപനങ്ങളിൽ നിന്നാണ് വ്യക്തിഗത തൊഴിൽ നികുതി ലഭിച്ചത് (4/2%). അതിൽ 10-ൽ താഴെ എണ്ണം മാത്രമാണ് സ്വകാര്യസ്ഥാപനങ്ങൾ. സ്ഥാപന തൊഴിൽ നികുതി ലഭിച്ചത് 179 സ്ഥാപനങ്ങളിൽ നിന്ന്

മാത്രമാണ് (21%).

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കേവലം 125 സ്ഥാപനങ്ങൾ മാത്രമാണ് ഇതിലുള്ളത് (14.6%). ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം, ഗ്രാമ പഞ്ചായത്തിലെ പ്രധാന ടൗണായ ഉടുമ്പൻചോല ഉൾക്കൊള്ളുന്ന IV, XIII വാർഡുകളിലെ സ്ഥാപനങ്ങളുടെ എണ്ണം യഥാക്രമം 31,14 എന്നിങ്ങനെയാണ്. ഈ എണ്ണം തികച്ചും തെറ്റാണെന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാണ്. തൊട്ടടുത്ത ടൗണുകളായ ചെമ്മണ്ണാർ (III), പാറത്തോട് (VIII) എന്നീ വാർഡുകളിലെ സ്ഥാപനങ്ങളുടെ എണ്ണം യഥാക്രമം 29,11എന്ന് കാണുന്നു. ഇതും തെറ്റാണ്. I,XI വാർഡുകളിൽ സ്ഥാപനങ്ങളില്ലാത്തതായും കാണുന്നു. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായും കാലികമായും തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് പരിധിയിൽ വരാത്ത സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിന് സാധിക്കുന്നില്ല. മേൽ പ്രസ്താവിച്ച അപാകതകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി സ്ഥാപനങ്ങൾക്ക് വാർഡ് അടിസ്ഥാനത്തിൽ സ്ഥിരം നമ്പരുകൾ നൽകി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കാലാകാലങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും തൊഴിൽ നികതി ഒടുക്കുവരുത്തുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി ഇടപെടേണ്ടതും ജനപ്രതിനിധികളുടെ സഹകരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ, കെട്ടിടത്തിന്റെ വസ്തുനികുതി പാർപ്പിടേതര ഗണത്തിലുൾപ്പെട്ടതാണെന്ന് ഉറപ്പാക്കുന്നതടക്കമുള്ള, പരിശോധനകൾ നടക്കുന്നുണ്ട് എന്നും വസ്തുനികുതി, തൊഴിൽ നികുതി എന്നിവയിൽ കണക്കാക്കിയ ഫീസ് നിയമാനുസൃതമാണ് എന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനകൾ നടത്തേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-2 ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

തൻവർഷത്തെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകളിൽ, ലഭ്യമായ ഏതാനും കെട്ടിട നമ്പരുകൾ നികുതി നിർണ്ണയ രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ചപ്പോൾ, ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടെത്തി. ഒരു ച.മീറ്ററിന് 8 നിരക്കിലാണ് പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി ആയതിന് ബാധകമായ നിരക്കിൽ (50/എം2) ഈടാക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് ഗണ്യമായ തുകയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ കന്റെ പേര് | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മീ.) | നിലവിലെ ഉപയോഗം | വസ്തു നികുതി നിരക്ക് (1 ച.മീ-ന്) ഈടാ ക്കേണ്ടത് | അടിസ്ഥാന വസ്തു നികുതി (നികുതിയിൻ മേലുള്ള വർദ്ധനവ്/ ഇളവുകൾ പരിഗണിക്കാതെ) | | കുറവ് |
|---|---|---|---|---|---|---|---|
| | | | | | ഈടാക്കേണ്ടത് | ഈടാക്കിയത് | |
| എൻ. അന്നപൂർണി | XII/318 | 32 | പച്ചക്കറി/ സ്റ്റേഷനറി | 50 | 1600 (32x50) | 256 | 1344 |
| അന്നമ്മ ജോസഫ് | XII/319 | 64 | കൂൾബാർ/ കോഫീബാർ | 50 | 3200 (64x50) | 351 | 2849 |
| സ്കറിയാ ജോസഫ് | X/504 | 89 | പലചരക്ക് | 50 | 4450 (89x50) | 712 | 3738 |
| പ്രദീപൻ | X/189 | 35 | പലചരക്ക് | 50 | 1750 (35x50) | 280 | 1470 |
| നെബു തോമസ് | X/293 | 34 | പലചരക്ക് | 50 | 1700 (34x50) | 56 | 1644 |
| രവി | X/541 | 90 | ഹോട്ടൽ & റ്റീഷോപ്പ് | 50 | 4500 (90x50) | 720 | 3780 |
| ആർ. രാമർ | XII/465 | 32 | ഹോട്ടൽ & റ്റീഷോപ്പ് | 50 | 1600 (32x50) | 180 | 1420 |
| ജിനേഷ് തേമസ് | X/24 | 139 | ഹോട്ടൽ & റ്റീഷോപ്പ് | 70 | 9730 (139x70) | 65 | 9665 |
| സുഭാഷ് തോമസ് | X/41 | 85 | ബേക്കറി & കോഫിബാർ | 50 | 4250 (85x50) | 17 | 4233 |
| ആകെ | | | | | | | 30143 |

മേൽ തുകകൾ ഉടമസ്ഥരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്ന് ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ആകെയുള്ള 169 അപേക്ഷകളിൽ ഏതാനും അപേക്ഷകൾ മാത്രം പരിശോധിച്ചപ്പോൾ കണ്ടെത്തിയ വ്യത്യാസമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആയതിനാൽ എല്ലാ അപേക്ഷകളിലെയും കെട്ടിട നമ്പർ, നികുതി നിർണയ രജിസ്റ്ററുമായി ചേർത്ത് വസ്തു നികുതി നിരക്കിന്റെ നിജസ്ഥിതി പരിശോധിക്കേണ്ടതും അപ്രകാരം പരിശോധിക്കുമ്പോൾ നിരക്കിൽ കുറവുള്ളതായി കണ്ടെത്തിയാൽ ബാധകമായ നിരക്കിൽ വസ്തുനികുതി നിർണയിച്ച് 12 ശതമാനം പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ആംബുലൻസ് വാടക -ന്യൂന പണമടവ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വാടക നിരക്ക് ആദ്യത്തെ 20 റണ്ണിംഗ് കിലോമീറ്ററിന് ₹20/- യും പിന്നീടുള്ള ഓരോ റണ്ണിംഗ് കിലോമീറ്ററിന് ₹12/- യും ആണ് നിശ്ചയിച്ചിരിക്കുന്നത്. ലോഗ് ബുക്ക് പ്രകാരം ആംബുലൻസ് ഓടിയ ദൂരത്തിന് പ്രസ്തുത നിരക്കനുസരിച്ചുള്ള വാടക പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. ആംബുലൻസ് ഓടിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ഡീസൽ, മെയിന്റൻസ് തുടങ്ങിയവയ്ക്ക് വേണ്ടി ഓടിയത് ഒഴിവാക്കിയിട്ടുണ്ട്).

| (1) 2017-18 സാമ്പത്തിക വർഷം | | |
|---|---|---|
| ലോഗ് ബുക്ക് പ്രകാരം തീയതി | ഓടിയ ദൂരം (കി.മീ.) | ഈടാക്കേണ്ട വാടക (₹) |
| 01-05-2017 | 40 | 640 |
| 03-05-2017 | 80 | 1120 |
| 05-05-2017 | 30 | 520 |
| 21-05-2017 | 300 | 3760 |
| 29-06-2017 | 340 | 4240 |
| 09-09-2017 | 340 | 4240 |
| 05-10-2017 | 300 | 3760 |
| 08-10-2017 | 420 | 5200 |
| 11-10-2017 | 140 | 1840 |
| 13-10-2017 | 120 | 1600 |

| | | |
|---|---|---|
| 16-11-2017 | 340 | 4240 |
| 20-11-2017 | 40 | 640 |
| 22-11-2017 | 80 | 1120 |
| 30-11-2017 | 180 | 2320 |
| 24-12-2017 | 70 | 1000 |
| 25-12-2017 | 70 | 1000 |
| 28-12-2017 | 310 | 3880 |
| 04-01-2018 | 40 | 640 |
| 04-01-2018 | 40 | 640 |
| 08-01-2018 | 170 | 2200 |
| 14-01-2018 | 220 | 2800 |
| 30-01-2018 | 310 | 3880 |
| 07-02-2018 | 320 | 4000 |
| 14-02-2018 | 30 | 520 |
| 20-02-2018 | 160 | 2080 |
| 25-02-2018 | 180 | 2320 |
| 05-03-2018 | 360 | 4480 |
| 14-03-2018 | 360 | 4480 |
| | ആകെ | 69160 |

ലെഡ്ജർ പ്രകാരം വാടകയിനത്തിൽ 2017-18 വർഷം ഒടുക്കിയിരിക്കുന്ന തുക ₹32800/- മാത്രമാണ്. ₹36360/- യുടെ കുറവ് സാമ്പത്തിക വർഷത്തിൽ ഉണ്ടായിരിക്കുന്നു. ആയതിൽ വാടകയിനത്തിൽ തുക കുറവായി അടവാക്കിയ വിവരം സാമ്പത്തിക വർഷാവസാനമെങ്കിലും പരിശോധിക്കേണ്ടതായിരുന്നു. ആയതിനാൽ സാമ്പത്തിക വർഷാവസാനം സെക്ഷന്റെ ചുമതലയുള്ള ക്ലാർക്കിനെയും മേൽനോട്ട ചുമതലയുള്ള സെക്രട്ടറിയേയും പ്രസ്തുത നഷ്ടത്തിനു തുല്യ ഉത്തരവാദികളായി കണക്കാക്കുന്നു.

| (2) 01-04-2018 മുതൽ | | |
|---|---|---|
| ലോഗ് ബുക്ക് പ്രകാരം തീയതി | ഓടിയ ദൂരം (കി.മീ.) | ഈടാക്കേണ്ട വാടക (₹) |

| | | |
|---|---|---|
| 03-04-2018 | 360 | 4480 |
| 25-04-2018 | 320 | 4000 |
| 30-04-2018 | 320 | 4000 |
| 01-05-2018 | 160 | 2080 |
| 02-05-2018 | 160 | 2080 |
| 04-05-2018 | 320 | 4000 |
| 09-05-2018 | 60 | 880 |
| 12-05-2018 | 60 | 880 |
| 13-05-2018 | 120 | 1600 |
| 28-05-2018 | 240 | 3040 |
| 12-06-2018 | 320 | 4000 |
| 22-06-2018 | 50 | 760 |
| 03-07-2018 | 160 | 2080 |
| 13-08-2018 | 60 | 880 |
| 06-09-2018 | 20 | 400 |
| 07-09-2018 | 100 | 1360 |
| 08-09-2018 | 100 | 1360 |
| 04-10-2018 | 220 | 2800 |
| 05-10-2018 | 720 | 8800 |
| 11-10-2018 | 200 | 2560 |
| 11-11-2018 | 60 | 880 |
| 12-11-2018 | 438 | 5416 |
| | ആകെ | 58336 |

2018-2019 വർഷം ഒടുക്കിയിരിക്കുന്ന തുക ₹49600/- യാണ്. ₹8736/-യുടെ കുറവുണ്ടായിരിക്കുന്നു. പ്രസ്തുത വിവരം എൻക്വയറി നമ്പർ 8 മുഖേന ഗ്രാമപഞ്ചായത്ത് അധികൃതരെ അറിയിച്ചപ്പോൾ ഒടുക്കാൻ ബാക്കിയുള്ള തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭിച്ചു.

അവശേഷിക്കുന്ന തുക അടിയന്തിരമായി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഭരണ സമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വ്യക്തിപരമായ ആവശ്യത്തിന് സെക്രട്ടറി നടത്തിയ യാത്രയ്ക്ക് യാത്രാ ബത്ത നല്കി

സെക്രട്ടറിയായിരുന്ന ശ്രീമതി. പി. ഇന്ദിര സ്വന്തം പെൻഷൻ ആവശ്യത്തിനായി 4/17, 5/17 മാസങ്ങളിൽ നടത്തിയ യാത്രകൾക്ക് ₹6048/- യാത്രപ്പടി അനുവദിച്ചിരിക്കുന്നു. വ്യക്തിപരമായ ആവശ്യത്തിന് നടത്തുന്ന യാത്രയ്ക്ക് യാത്രാ ബത്ത അനുവദനീയമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| യാത്ര പുറപ്പെട്ട തീയതി | മടങ്ങിയെത്തിയ തീയതി | യാത്ര ചെയ്ത സ്ഥലം | അനുവദിച്ച യാത്രപ്പടി | വൗച്ചർ നം/ തീയതി/ ബിൽ തുക |
|---|---|---|---|---|
| 22-4-17 | 23-4-17 | പഞ്ചായത്ത് ഡയറക്ടറേറ്റ് തിരുവനന്തപുരം | 2324 | 21700245/ 18.07.17 ₹4094/- |
| 27.04.17 | 27.04.17 | ഓഡിറ്റ് ഓഫീസ്, തൊടുപുഴ | 540 | |
| 19.05.17 | 20.5.17 | ഡി ഡി പി ഓഫീസ്, തൊടുപുഴ | 860 | 21700277/ 28.07.17 ₹4094/- |
| 25.05.17 | 26.05.17 | പഞ്ചായത്ത് ഡയറക്ടറേറ്റ് തിരുവനന്തപുരം | 2324 | |
| | ആകെ | | 6048 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 ന് ഉത്തരവാദിയായ ശ്രീമതി. ഇന്ദിര നൽകിയിരിക്കുന്ന മറുപടിയിലും യാത്ര സ്വന്തം പെൻഷൻ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ ₹6048/-യുടെ ചെലവ് നിരാകരിക്കുന്നു. ₹6048/- പ്രസ്തുത ജിവനക്കാരിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### 3-2 കന്നുകുട്ടി പരിപാലന പദ്ധതി(വനിത) -₹62500/- മൃഗസംരക്ഷണ വകുപ്പിൽ അധികം ഒടുക്കി

| | |
|---|---|
| പദ്ധതി നമ്പർ | 41/18 |
| അടങ്കൽ - പ്ലാൻ | ₹ 850000/- |
| ഗുണഭോക്തൃവിഹിതം | ₹850000/- |
| ചെലവ് | ബിൽ നം.9/17-18 തീ.16.02.18 |

| | |
|---|---|
| | ₹250000/- |

കന്നുകുട്ടിയൊന്നിന് ₹12500/- വീതം ആകെ 68 ഗുണഭോക്താക്കൾക്കായി ₹850000/- ചെലവഴിക്കുവാൻ വിഭാവനം ചെയ്തിരുന്ന ഈ പദ്ധതിയിൽ ആകെ 20ഗുണഭോക്താക്കൾ മാത്രമാണ് അപേക്ഷ സമർപ്പിച്ച് പദ്ധതിയിൽ ചേരുന്നതിന് താല്പര്യം പ്രകടിപ്പിച്ചത്. ഇവർക്ക് ആവശ്യമായ വിഹിതം ₹250000/-(20x12500) ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. എന്നാൽ കാലിത്തീറ്റ വിതരണം ആരംഭിച്ച ഒക്ടോബർ 2018 ൽ അഞ്ച് ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻമാറിയതിനാൽ അവർക്കായി മൃഗസംരക്ഷണ വകുപ്പിൽ ഒടുക്കിയ പദ്ധതി വിഹിതം ₹62500/- (5x12500) വിനിയോഗിക്കപ്പെട്ടിട്ടില്ല. 68 പേരേ ഉദ്ദേശിച്ച് ആവിഷ്കരിച്ച ഒരു പദ്ധതിയിൽ 15 ഗുണഭോക്താക്കളെ മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞത് എന്നുള്ളത് ആസൂത്രണത്തിലെ വീഴ്ചയാണ്. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മോണിറ്ററിംഗിന്റെ അഭാവം പല പദ്ധതികളിലും പ്രകടമാണ്. ഗുണഭോക്തൃ പട്ടികയിൽ ബാക്കി നില്ക്കുന്നവരിൽ നിന്നും പുതുതായി അഞ്ചുപേരേക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുകയോ അധികമായി അടച്ച പദ്ധതി വിഹിതം തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 ജവഹർ ഭവന പദ്ധതി - അപാകതകൾ.

എ) ജവഹർ ഭവന പദ്ധതി - പാസ് ബുക്കിലെ അപാകതകൾ

ജവഹർ ഭവനപദ്ധതിയ്ക്ക് വേണ്ടി വായ്പയെടുക്കുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ IDCB യിൽ അക്കൗണ്ട് നം.120281201220001 തുറന്നിട്ടുണ്ട്. ഈ അക്കൗണ്ടിൽ നിന്നും IDCB-യിലെ തന്നെ 120286026720007- നമ്പർ അക്കൗണ്ടിലേയ്ക്ക് വായ്പ തുക ട്രാൻസ്ഫർ ചെയ്യുന്നു. ഈ അക്കൗണ്ടിന്റെ പാസ്ബുക്കിൽ അക്കൗണ്ട് നം.120286026720008 -ലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. A/c No. 120286026720008-ൽ നിന്നും IDCB-യിലുള്ള പ്രസിഡന്റ്-വി.ഇ.ഒ.-എന്നിവരുടെ പേരിലുള്ള അക്കൗണ്ട് നം.120281000620001-ലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യുകയും തുടർന്ന് ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്യുന്നതായി ഈ അക്കൗണ്ടിന്റെ പാസ്ബുക്കിൽ കാണുന്നു.

ഈ വായ്പയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ലോൺ തുകകൾ ആവശ്യം വരുന്ന സമയത്തിനു മുമ്പേ അക്കൗണ്ട് നം.120281201220001 അക്കൗണ്ടിൽ നിന്നും പിൻവലിച്ചതായി രേഖപ്പെടുത്തുകയും വളരെ ദിവസങ്ങൾക്ക് ശേഷം മാത്രം അക്കൗണ്ട് നം.120686026720007-ൽ തുകകൾ വരവുവയ്ക്കുകയും ചെയ്യുന്നതായി ലഭ്യമായ പാസ് ബുക്കിൽ നിന്നും മനസിലാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| തുക പിൻവലിച്ച തീയതി | വരവുവച്ച തീയതി | തുക |
|---|---|---|
| 29.7.17 | 25.8.17 | 1080000 |
| 13.9.17 | 6.1.2018 | 134486 |
| 29.6.18 | 3.7.18 | 1080000 |

ഈ അക്കൗണ്ടിന്റെ തുടക്കം മുതലുള്ള പാസ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. A/c No. 120286026720008-ന്റെ പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. അക്കൗണ്ട് നം.120686026720007-ൽ നിന്നും പിൻവലിച്ചതായി പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന തുകകൾ വി.ഇ.ഒ.-യുടെ അക്കൗണ്ട് നം.120281000620001-ൽ ക്രഡിറ്റ് ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | തുക പിൻവലിച്ച തീയതി | തുക |
|---|---|---|
| 1 | 9.11.2017 | 444580 |
| 2 | 31.3.2018 | 319326 |
| 3 | 31.3.2018 | 8936 |
| ആകെ | | 772842 |

4. ജവഹർ ഭവനപദ്ധതിയ്ക്ക് വേണ്ടി ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പലിശ ഒടുക്കുവരുത്തുന്നത് പഞ്ചായത്തിന്റെ വാർഷിക കണക്കിലെടുക്കുന്നില്ല. ആയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

5. ഈ പദ്ധതിക്കുവേണ്ടി IDCBയിൽ A/c No.120281201220001, A/c No.120686026720007, A/c No.120286026720008, എന്നീ 3 അക്കൗണ്ടുകൾ തുറന്നതെന്താവശ്യങ്ങൾക്കാണെന്ന് വിശദീകരിക്കേണ്ടതാണ്.

ബി) വായ്പ/വായ്പ തിരിച്ചടവ് - രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

2017-18 വർഷം ജവഹർ ഭവന പദ്ധതിക്ക് വേണ്ടി എടുത്തതും ചെലവഴിച്ചതുമായ ലോണുകളുടെ രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | രജിസ്റ്റർ, പാസ് ബുക്ക് എന്നിവ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| 2017-18-ലെ മുന്നിരിപ്പ് | 6737849 | 1703610 (ആകെ മുന്നിരിപ്പ് 4875610-ൽ ഇ.എം.എസിന്റെ തുക 3172000) | 5034239 |
| തൻവർഷം എടുത്ത തുക | 2172842 | 1644580 | 528262 |
| തിരിച്ചടച്ചത് | 1730886 | 1080000 (ആകെ 2938500-ൽ ഇ.എം.എസിന്റെ തുക 1858500) | 650886 |
| തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത് | 7179805 | 7780639 (ആകെ 9094139-ൽ ഇ.എം.എസിന്റെ തുക 1313500) | -600834 |

രജിസ്റ്ററിലെ തുകയും പാസ്ബുക്കിലെ തുകയും പൊരുത്തപ്പെടുന്നുണ്ടെങ്കിലും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ഇതുസംബന്ധമായ വിശദീകരണം/ റിപ്പോർട്ട് നൽകേണ്ടതുമാണ്.

## 3-4 സൈക്കിൾ പൂർണമായും വിതരണം ചെയ്തില്ല- ₹15835/-നിരാകരിക്കുന്നു, ₹9477/- തടസ്സപ്പെടുത്തുന്നു

3-4 സൈക്കിൾ പൂർണമായും വിതരണം ചെയ്തില്ല- ₹15835/-നിരാകരിക്കുന്നു, ₹9477/- തടസ്സപ്പെടുത്തുന്നു ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ പദ്ധതി നടപ്പാക്കുന്നതിനായി മുരളി സൈക്കിൾ മാർട്ട്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും ₹3149/- നിരക്കിൽ ആൺകുട്ടികൾക്കുള്ള 25 സൈക്കിളുകളും, ₹3179/- നിരക്കിൽ പെൺകുട്ടികൾക്കുള്ള 15 സൈക്കിളുകളും വാങ്ങിയെങ്കിലും, അവ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി രണ്ട് പദ്ധതികളിലൂടെ ആവിഷ്കരിച്ച സൈക്കിൾ വിതരണത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം,പേര് | 127/18 സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ (TSP) | 126/18 സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ (SCP) |
|---|---|---|
| അടങ്കൽ | ₹119000/- | 350000/- |
| ബിൽ നമ്പർ, തുക | 5/12.2.2018 ₹66339/- | 6/12.02.2018/ ₹60071/- |
| വാങ്ങിയ സൈക്കിൾ ആൺകുട്ടികൾക്ക് പെൺകുട്ടികൾക്ക് | 14<br>7 | 11<br>8 |
| വിതരണം ചെയ്യാത്തത് ആൺകുട്ടികൾക്ക് പെൺകുട്ടികൾക്ക് | 2<br>2 | -<br>1 |

ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടി വാങ്ങിയതിൽ വിതരണം ചെയ്യാത്ത മൂന്ന് സൈക്കിളുകൾ ഭൗതീക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി സൈക്കിൾ വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 80/2017/ത.സ്വ.ഭ.വ തീയതി 03.04.2017 പ്രകാരം 8, 9, 10 ക്ലാസിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് സൈക്കിൾ വാങ്ങി നൽകാവുന്നത്. എന്നാൽ ഈ പദ്ധതികൾ ആനുകൂല്യം കൈപ്പറ്റിയ പട്ടികജാതി വിദ്യാർത്ഥികളായ മീനാക്ഷി മുരുകൻ, സുമിത്ര. പി, രഞ്ജിത്ത് എന്നിവർ പ്ലസ് വൺ വിദ്യാർത്ഥികളും, പ്രവീൺ ദാസ് പ്ലസ് ടു വിദ്യാർത്ഥിയും ആണെന്ന് സ്കൂൾ രേഖകൾ വ്യക്തമാക്കുന്നു. മേൽ സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാത്ത മൂന്ന് സൈക്കിളുകളുടെ വിലയായ ₹9477/- (3149x2+3179) ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. പട്ടികവർഗ്ഗ വിഭാഗത്തിന് വിതരണം ചെയ്യാത്തതിൽ ഭൗതീക പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്ന 1 സൈക്കിളിന്റെ വിലയായ ₹3179/- യും, അനർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള സൈക്കിളിന്റെ വിലയായ ₹12656/- യും (3149x2+3179x2) അടക്കം ₹15835/- ഓഡിറ്റിൽ നിരാകരിക്കുകയും ചെയ്യുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ ശരിയായ കൂടിയാലോചനകൾ നടക്കാത്തതും, വിലയിരുത്തലുകൾ നടത്താത്തതുമാണ് അപാകതകൾ ഉണ്ടാകാൻ കാരണമാകുന്നത്. സ്റ്റാന്റിംഗ് കമ്മറ്റികൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സ്കൂൾ വിദ്യാർത്ഥകൾക്ക് നൽകുന്നതിനായി വാങ്ങിയ പഠനോപകരണങ്ങൾ പൂർണമായി വിതരണം ചെയ്തില്ല -ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം., പേര് | 128/18, സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (TSP) |
| അടങ്കൽ | ₹97000/- |
| ബിൽ നം,തുക | 8/21.2.18, ₹85650/- |
| നിർവഹണം | ഹെഡ് മാസ്റ്റർ |

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുവാനായി ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം വാങ്ങിയ പഠനോപകരണങ്ങളുടെ വിശദാംശം ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| സ്കൂൾ ബാഗ് | 75 |
| കുട | 75 |
| ചെരുപ്പ് | 75 |
| പെൻസിൽ | 75 |
| പേന | 75 |
| നോട്ട് ബുക്ക് | 468 |
| നോട്ട് ബുക്ക് നാലു വര | 49 |
| നോട്ട് ബുക്ക് രണ്ടുവര | 49 |
| കളർ പെൻസിൽ | 49 |
| സ്കെച്ച് പെൻ | 49 |
| ജ്യോമെട്രിക്ക് ബോക്സ് | 26 |

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.വിതരണ രജിസ്റ്റർ പ്രകാരം 45 പേർക്ക് മാത്രമാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തത്. ഏതൊക്കെ സാധനങ്ങൾ എത്ര എണ്ണം വിതരണം ചെയ്തുവെന്ന് കൃത്യമായ

കണക്കുകളില്ല. സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന ധാരാളം വിദ്യാർത്ഥികൾ ഉള്ള പഞ്ചായത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി പഠനോപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാത്തത് പദ്ധതി നിർവഹണത്തിലെ അപാകതയാണ്. വ്യക്തമായ കണക്കുകളുടെയും രേഖകളുടെയും അഭാവത്തിൽ ₹85650/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

13.1.2010 ലെ സർക്കുലർ നമ്പർ 58608 / ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 13.01.2010 ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 അലോപ്പതി മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം., പേര് | 11/18, പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000 |
| ബിൽ നം., തുക | 3/20/09/2017,200000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| ലഭ്യമായ മരുന്നിന്റെ വിശദാംശം | Invoice no 1831പ്രകാരം-13384<br>Invoice no 7373 പ്രകാരം -21461 |

രണ്ട് തവണകളായി ₹34845/-യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. അവശേഷിക്കുന്ന ₹165155/-യുടെ മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഗവ.എൽ.പി.എസ്. സ്കൂൾ ബസ് മെയിന്റനൻസ്- ചെലവ് -₹100000

| | |
|---|---|
| പ്രോജക്ട് നം., പേര് | 47/18, ഗവ.എൽ.പി.എസ്. സ്കൂൾ ബസ് മെയിന്റനൻസ് |
| അടങ്കൽ | 100000 |
| ബിൽ നം,തുക | 1/10/11/2017, 100000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

സർക്കാർ ഉത്തരവ് (കൈ) നം. 11/2018/തസ്വഭവ തീയതി 29.01.2018 ഖണ്ഡിക 7.6(15) പ്രകാരം സ്കൂൾ ബസ്സുകളുടെ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പണം ചെലവഴിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ വരും വർഷങ്ങളിൽ ഇപ്രകാരമുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് തുക അനുവദിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-9 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173 (എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-10 പദ്ധതി നടത്തിപ്പിൽ ഗുരുതരമായ അലംഭാവം

അസി.എൻജിനീയർ നിർവഹണം നടത്തുന്നതിന് തൻവർഷം 141 പ്രോജക്ടുകൾ രൂപീകരിക്കുകയും അവയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ 53 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. പുതിയതായി ആവിഷ്കരിച്ച 88 പദ്ധതികളിൽ 69 പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചത്. 78 ശതമാനം പദ്ധതികളാണ്

നടപ്പാക്കുവാൻ സാധിച്ചത്. 2017-18 ൽ സ്പിൽ ഓവറായിരുന്ന 53 പദ്ധതികളിൽ 7 എണ്ണം 2018-19-ലും സ്പിൽ ഓവറായി തുടരുന്നു. 2017-18 സാമ്പത്തികവർഷത്തെ 109 പ്രവൃത്തികളിൽ പത്ത് എഗ്രിമെന്റുകൾ സാമ്പത്തിക വർഷത്തിന്റെ അവസാന ദിനമാണ് തയ്യാറാക്കിയിരിക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വയ്ക്കുന്നതുവഴി പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ യഥാസമയം പൂർത്തീകരിക്കുവാൻ കഴിയാതെ വരുന്നുണ്ട്. ഭരണസമിതി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

<u>കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല</u>

കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പഞ്ചായത്തിൽ ചെറുകിട കുടിവെള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കുടിവെള്ള പദ്ധതികളിൽ ഭൂരിഭാഗവും കുഴൽകിണറുകളാണ്. തൻവർഷം നിർമ്മിച്ച പല പദ്ധതികളും ജനോപകാരപ്രദമായിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|
| ജീവകൻ കുടിവെള്ള പദ്ധതി | 52560 | വെള്ളം ലഭിക്കാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു |
| മൊക്കാപാണ്ടി കുടിവെള്ള പദ്ധതി | 100700 | |
| ചേട്ടത്തിപ്പടി കുടിവെള്ള പദ്ധതി | 46019 | |

കുഴൽ കിണറുകൾ പരാജയപ്പെടുന്ന സാഹചര്യം കൂടുതലായി കണ്ടുവരുന്നതുകൊണ്ടും ജലദൗർലഭ്യമുള്ള പ്രദേശമായതിനാലും കൂടുതൽ മെച്ചപ്പെട്ട കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി നടപ്പിലാക്കുന്നതിനാവിശ്യമായ സ്ഥലം ഏറ്റെടുക്കുകയോ, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുന്നതിന് മുമ്പുതന്നെ പദ്ധതികൾക്കായി വൻതുക വകയിരുത്തുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതെ വരുകയും സ്പിൽ ഓവറായി തുടരുകയും ചെയ്യുന്നു.തന്മൂലം അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടി ചെലവഴിക്കേണ്ട തുക ചെലവഴിക്കാൻ സാധിക്കാതെ വികസന പ്രവർത്തനങ്ങൾ മന്ദീഭവിക്കുവാൻ ഇടയാകുന്നുണ്ട്. സ്ഥലം ലഭ്യമല്ല എന്നതിനാൽ സ്പിൽ ഓവറായി തുടരുന്ന പദ്ധതികൾക്ക് ഉദാഹരണങ്ങൾ ചുവടെ നല്കുന്നു.

| പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
|---|---|
| 77/18-ആട്ടുപാറ കുടിവെള്ള പദ്ധതി | 275000 |
| 91/18-വാഴേപ്പള്ളി കുടിവെള്ള പദ്ധതി | 457500 |
| 100/18-30ഏക്കർ കുടിവെള്ള പദ്ധതി | 700000 |
| 102/18- കുക്കലാർ കുടിവെള്ള പദ്ധതി | 350040 |
| 144/18-ക്രിമിറ്റോറിയം | 4500000 |
| 211/18-മെറ്റീരിയൽ ഫെസിലിറ്റി റിക്കവറി സെന്റർ | 1500000 |

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സ്റ്റാന്റിംഗ് കമ്മറ്റികൾ വേണ്ടത്ര ശ്രദ്ധ ചെലുത്തി ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-11 സർക്കാർ മാനദണ്ഡം ലംഘിച്ച് പദ്ധതികൾ നടപ്പാക്കാൻ ഭരണസമിതി തീരുമാനിച്ച് അനുമതി നല്കി

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്.) നം. 80/2017 തസ്വഭവ/03.04.2013 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കൃഷി ഓഫീസർ ഓഡിറ്റ് വർഷം പ്രോജക്ടുകൾ നടപ്പിലാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(I) പമ്പ് സെറ്റ് വിതരണം(29/18),ജൈവ പച്ചക്കറിതൈ വിതരണം (30/18) എന്നീ പദ്ധതികൾ വ്യക്തിഗത പദ്ധതികളായതിനാൽ നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രമാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി ആനുകൂല്യം നല്കാവുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി,നമ്പർ | അടങ്കൽ | ബിൽ നം. | തുക |
|---|---|---|---|---|
| 1 | പമ്പ് സെറ്റ് വിതരണം(29/18) | 1400000 | 3/2017-18/19-02-2018 | 695452 |
| | | | ഗുണ.വിഹിതം(A/c transfer/15-03-2018) | 695600 |
| 2 | ജൈവ പച്ചക്കറിതൈ വിതരണം(30/18) | 300000 | 2/2017-18/11-01-2018 | 300000 |
| | | | ആകെ | 1691052 |

കർഷകരുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം/കൈവശാവകാശം ഉറപ്പാക്കണം എന്നതാണ് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലെ പ്രധാന മാനദണ്ഡം.എന്നാൽ, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 31-10-2017-ലെ കമ്മറ്റിയുടെ 2(1) തീരുമാനത്തിൽ, ഗ്രാമപഞ്ചായത്തിൽ കുടിയേറി താമസമാക്കിയ ആളുകൾക്ക് പട്ടയമില്ലാത്തതിനാൽ അത്തരം ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകന് വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക ആനുകൂല്യങ്ങൾ നല്കാൻ കൃഷി ഓഫീസർക്ക് അനുമതി നല്കി തീരുമാനിച്ചു. ആനുകൂല്യം വിതരണം ചെയ്തെന്ന് ഉറപ്പാക്കുന്ന, ഉടമസ്ഥാവകാശം/ കൈവശാവകാശം അടക്കമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ എല്ലാ ഗുണഭോക്താക്കൾക്കും സൂചിത രേഖകളില്ലാതെയാണ് ആനുകൂല്യം നല്കിയതെന്ന് വ്യക്തമാണ്. ഇത് മേൽ സൂചിത മാനദണ്ഡത്തിന്റെ ലംഘനമാണ്. പ്രസ്തുത വിവരം രേഖാമൂലം(എൻക്വയറി 3) ഗ്രാമപഞ്ചായത്ത് അധികൃതരെ അറിയിച്ചപ്പോൾ ഭൂരിപക്ഷം കൃഷിക്കാർക്കും പട്ടയമില്ലാത്ത ഭൂമിയാണുള്ളതെന്നും കാർഷികപദ്ധതികൾ നടപ്പാക്കി പരമാവധി കർഷകർക്ക് ആനുകൂല്യം നല്കുകയെന്ന സദുദ്ദേശത്തോടു കൂടിയാണ് പഞ്ചായത്ത് കമ്മറ്റി ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്നും മറുപടി ലഭിച്ചു.

മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ ഇതേ കാരണം ചൂണ്ടിക്കാട്ടി ചെലവുകൾ തടസ്സപ്പെടുത്തിയിട്ടുണ്ട്(ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖണ്ഡിക 3-3 തടസ്സം ₹1004020/- & ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 3-5 തടസ്സം ₹176250/-).

സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്.)നമ്പർ 80/2017/തസ്വഭവ/ 03-04-2017) 2.3 വ്യവസ്ഥയിൽ, സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത വിധത്തിൽ ആനുകൂല്യം നല്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും അത് ലഭിച്ചതിന് ശേഷം മാത്രമേ പ്രൊജക്ട് തയ്യാറാക്കാവൂ എന്നും മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നുണ്ട്.

മുൻ വർഷങ്ങളിൽ ഇതേ പരാമർശമുണ്ടായിട്ടും പദ്ധതിനടത്തിപ്പിന് മുമ്പ് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി നേടുകയോ മുൻവർഷങ്ങളിലെ പരാമർശങ്ങളിൽ സാധൂകരണം നേടുകയോ ചെയ്തിട്ടില്ല. പ്രസ്തുത പദ്ധതികളുടെ ചെലവ് തുക ₹1691052/- തടസ്സപ്പെടുത്തുന്നു. സർക്കാരിൽനിന്ന് സൂചിത തടസ്സ തുകയ്ക്ക് അടിയന്തിരമായി സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

(II) ജൈവവള കുമ്മായ വിതരണം(28/18) എന്ന പദ്ധതിയും വ്യക്തിഗത പദ്ധതിയായതിനാൽ നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രമാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി ആനുകൂല്യം നല്കാവുന്നത്.

| ക്രമ നമ്പർ | പദ്ധതി, നമ്പർ | അടങ്കൽ | ബിൽ നം. | തുക |
|---|---|---|---|---|
| 1 | ജൈവവള കുമ്മായ വിതരണം(28/18) | 3600000 | 1/2017-18/11-01-2018 | 2100000 |
| | | | 4/2017-18/07-03-2018 | 600000 |
| | | | ഗുണ.വിഹിതം(നേരിട്ട്) | 900000 |
| | | | ആകെ | 3600000 |

കർഷകരുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം/കൈവശാവകാശം ഉറപ്പാക്കണം എന്ന പ്രസ്തുത പദ്ധതി നടത്തിപ്പിലെ പ്രധാന മാനദണ്ഡം മറികടന്ന്, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 31.10.2017-ലെ കമ്മറ്റിയുടെ 2(1) തീരുമാനത്തിൽ, ഗ്രാമപഞ്ചായത്തിൽ കുടിയേറി താമസമാക്കിയ ആളുകൾക്ക് പട്ടയമില്ലാത്തതിനാൽ അത്തരം ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകന് വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക ആനുകൂല്യങ്ങൾ നല്കാൻ കൃഷി ഓഫീസർക്ക് അനുമതി നല്കി തീരുമാനിച്ചു.

കൂടാതെ, ജൈവവള വിതരണ പദ്ധതിയുടെ സംഗതിയിൽ, സഹകരണ സ്ഥാപനം ഉദ്പാദിപ്പിക്കുന്ന ജൈവവളം (വേപ്പിൻ പിണ്ണാക്ക്)മാത്രമാണ് നേരിട്ട് വാങ്ങി വിതരണം ചെയ്യാവുന്നത്. അല്ലാത്തപക്ഷം മത്സര ടെണ്ടർ വിളിച്ച് മാത്രമാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. ജൈവവളവും കുമ്മായവും ഉടുമ്പൻചോല സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് യഥാക്രമം ₹28/-, ₹15/-എന്നീ നിരക്കുകളിൽ എല്ലാ ഗുണഭോക്താക്കൾക്കും വിതരണം ചെയ്തതായി കാണുന്നു. പ്രസതുത സ്ഥാപനം ജൈവവളവും കമ്മായവും നേരിട്ട് ഉദ്പാദിപ്പിക്കുന്നില്ലാത്ത സാഹചര്യത്തിൽ ജൈവവളവും കുമ്മായവും മത്സര ടെണ്ടർ വിളിച്ച് വിതരണം ചെയ്യാത്തതിന് വിശദീകരണം (എൻക്വയറി 2) ആരാഞ്ഞപ്പോൾ ടെണ്ടർ നടപടികളിൽ ഉണ്ടായേക്കാവുന്ന കാലതാമസം ഒഴിവാക്കുന്നതിനാണ് ഉടുമ്പൻചോല സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് വാങ്ങിയതെന്ന മറുപടി ലഭിച്ചു. എന്നാൽ പ്രസ്തുത സഹകരണ സ്ഥാപനം ഉദ്പാദിപ്പിക്കുന്നതാണോ

ജൈവവളമെന്ന ചോദ്യത്തിന് മറുപടിയുണ്ടായില്ല. ആയതിനർത്ഥം ടി സ്ഥാപനം ജൈവവളം ഉല്പാദിപ്പിക്കുന്നില്ല എന്നുതന്നെയാണ്. നേരിട്ടുള്ള അന്വേഷണത്തിലും ടി സ്ഥാപനം ജൈവവളം ഉദ്പാദിപ്പിക്കുന്നില്ലെന്നാണ് അറിഞ്ഞത്. മാനദണ്ഡം ലംഘിച്ചാണ് കൃഷി ഓഫീസർ പദ്ധതി നടപ്പാക്കിയതെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ₹3600000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മാർഗ്ഗരേഖാനുസൃതമായി പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-12 പദ്ധതി തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്

ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്കായി ലഭിച്ച ₹4741014/- ചെലവഴിക്കാതെ അവശേഷിക്കുന്നതായി 2017-18-ലെ വർഷത്തെ ധനകാര്യ പത്രികയിൽ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | സ്വച്ഛ് ഭാരത് മിഷൻ (ബാലൻഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ളതുക) | 23,65,605 |
| 2 | ICDS കേന്ദ്ര വിഹിതം<br>ബാലൻഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക | 21,49,183 |
| 2 | വി.ഇ.ഒ.യുടെ സ്വച്ഛ് ഭാരത് മിഷൻ അക്കൗണ്ട് (നം.423402010017265, യൂണിയൻ ബാങ്ക്) | 2,26,226 |
| | | 4741014 |

ഇങ്ങനെ പദ്ധതികൾക്ക് വേണ്ടി ലഭിക്കുന്ന തുകകൾ ചെലവഴിക്കാതെ തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് അശാസ്യമല്ല.

## 3-13 വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തിട്ടില്ല.

പഞ്ചായത്തിന്റെ III-ാം വാർഡിൽ അംഗൻവാടി നിർമ്മിക്കുന്നതിന് 12.5.2016-ൽ ശ്രീ. തമ്പി പൗലോസ് എന്നയാൾ 3 സെന്റ് സ്ഥലം സ്വമേധയാ വിട്ടുനൽകിയതായി കാണുന്നു. എന്നാൽ പ്രസ്തുത സ്ഥലം നാളിതുവരെ പഞ്ചായത്തിന്റെ പേരിൽ കൂട്ടി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ പേരിൽ കൂട്ടുവാൻ നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | വനിത ക്ഷീരകർഷകർക്ക് | 250000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി | | |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 100000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | മണത്തോട് ചതുരംഗപ്പാറ കുടിവെള്ള പദ്ധതി വൈദ്യുതിലൈൻ എക്സ്റ്റൻഷൻ | ബിൽ നം.25/8.2.18 | 188400 | 0 | 188400 |
| കെ.എസ്.ഇ.ബി. | കണ്ണപ്പടി കുടിവെള്ള പദ്ധതി വൈദ്യുതിലൈൻ എക്സ്റ്റൻഷൻ | ബിൽ നം.26/17-18 /19.3.18 | 170000 | 0 | 139446 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻ വർഷം എടുത്ത തുക ₹ | തൻ വർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ജി.ഒ.(ആർ.റ്റി) 229/10/ എൽ.എസ്. ജി.ഡി തീയതി. 21.1.2010 | 1,85,85,000 | 31,72,000 | 0 | 1858500 | 1313500 |

| | | | | | | |
|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | ഡി.ബി.1/15 എൽ.എസ്. ജി.ഡി തീയതി. 11.11.15 | 1,08,00,000 | 6737849 | 528262 | 1730886 | 5535225 |

ജവഹർ ഭവന പദ്ധതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ഖണ്ഡിക 3-3-ൽ കൊടുക്കുന്നു.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹538/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| | | 18 | പിഎസ്. വിനയൻ, എൽ.ഡി.സി | 117020102234/14.12.17 |
| | 3-6 | 40 | പി.ജി.മത്തായി, ജൂനിയർ സൂപ്രണ്ട് | 117020102235/14.12.17 |
| | 3-6 | 70 | റ്റി. എസ്. സുബാഷ്, സെക്രട്ടറി | 117020102236/14.12.17 |
| 1996-97 | 40 | 110 | കെ.കെ. സുകുമാരൻ, | 117020102237/14.12.17 |
| 2005-06 | | 150 | | 117020102238/14.12.17 |
| 2005-06 | | 150 | | 117020102239/14.12.17 |
| ആകെ | | 538 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-5 | 2006-07 | 3.35.1 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | |
| 2002-03 | 2-2 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | |
| 2004-05 | 3-7 | 2008-06 | 37.2 | ആശ്രയ ഭവന പദ്ധതി രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | |

| | | | | | |
|---|---|---|---|---|---|
| 2006-07 | 3-4 | 2010-11 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | |
| - | - | 2012-13 | 3-6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് | |

## 4-8 ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| | | | | ചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാര ങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | ആകെ ലഭിച്ച തുക | അവ ശേഷി ക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
| 1 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| ഇല്ല | | | | | | | | | | | | |

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | ആകെ ലഭിച്ച തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
| 1 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2006-07 | ഖ 3(1) | എം.കെ. ചെല്ലപ്പൻ ചൈതന്യ, താമരക്കുളം | LF.1365/ Spl.cell/csc /C1/2011 dt18/10/2013 | 93952 | | 85750 | | | 85750 | 8202 | |
| 2 | 1997-98 | 29(1),(2), 30(1), 30(2), 31,32, 33,38 | ധർമ്മപാലൻ, സെക്രട്ടറി | Lf 5680/ spl.cell/sc 2/2001 dt 18/05/2001 | 5386 | നം.20 / 49950/4/ 12/ 2002 ₹280, 22/49950 ₹323, 68/82007/ 17/11/2007 ₹1300, 68/82007 /17/11/07 ₹ 233, 21/49950 ₹217, 68/82025 /17/11/08 ₹510 | 2863 | | | 2863 | ഇല്ല | |
| 3 | 1998-99 | ഖ 22,31 | വി ബാലകൃഷ്ണ റാവു, സെക്രട്ടറി | LF9386/ SC2/02 dt 07/01/03 | 5455 | | | | | | 5455 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 1999-00 | 27(1),(2),(3) | പി.ജോൺസ് | LF16201/03 dt05/02/05 | 21500 | | | | | | 21500 | |
| 5 | 1997-98 | ഖ 27,28 | ശ്രീ . ധർമ്മപാലൻ, സെക്രട്ടറി | Lf 5680/ spl.cell/ sc2/ 2001dt 03/09/02 | 2419 | 2419. Re.no68/ 82007 dt17/11/07 | | | | 2419 | ഇല്ല | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,24,78,040 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,47,80,598 |
| വരവിനങ്ങളിലുള്ള നഷ്ടം | 36360 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21883 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5386179 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 36360 | | ശ്രീ. എം. വിനോദ്കുമാർ, സെക്രട്ടറി<br>ശ്രീമതി. മഞ്ജു തോമസ്, സീനിയർ ക്ലാർക്ക് |
| 3-1 | | 6048 | ശ്രീമതി. പി. ഇന്ദിര, സെക്രട്ടറി |
| 3-4 | | 15835 | ശ്രീ എം. മുരുകേശൻ, ഹെഡ് മാസ്റ്റർ |
| ആകെ | 36360 | 21883 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 9477 | ശ്രീ എം. മുരുകേശൻ, ഹെഡ് മാസ്റ്റർ |
| 3-5 | 85650 | ശ്രീ എം. മുരുകേശൻ, ഹെഡ് മാസ്റ്റർ |
| 3-11(i) | 1691052 | |
| 3-11(ii) | 3600000 | |
| | 5386179 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ എം. മുരുകേശൻ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ | ഉണമണി വീട്, പാറത്തോട് |
| ശ്രീ. എം. വിനോദ്കുമാർ, സെക്രട്ടറി | സെക്രട്ടറി | അഭയം, മുഖത്തല പി.ഒ., കൊല്ലം ജില്ല |
| ശ്രീമതി. പി. ഇന്ദിര, സെക്രട്ടറി | സെക്രട്ടറി | അരുൺനിവാസ്, കാഞ്ചിയാർ പി.ഒ., ഇടുക്കി ജില്ല |
| ശ്രീമതി. മഞ്ജു തോമസ്, സീനിയർ ക്ലാർക്ക് | സീനിയർ ക്ലാർക്ക് | കളത്തിപ്പറമ്പിൽ വീട്, നെടുങ്കണ്ടം പി.ഒ,ഇടുക്കി ജില്ല |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ | |
|---|---|---|---|
| | | എണ്ണം | നം. |
| 1972-73 | എൽ.എഫ്.ഐ-5/62/88/10.02.88 | | |
| 1975-76 | എൽ.എഫ്.ഐ-5/62/88/10.02.88 | | |
| 1976-77 | എൽ.എഫ്.ഐ-5/62/88/10.02.88 | | |
| 1978-79 | എൽ.എഫ്.ഐ-5/62/88/10.02.88 | | |
| 1978-79 | എൽ.എഫ്.ഐ-5/62/88/10.02.88 | | |
| 1979-80 | എൽ.എഫ്.ഐ-5/62/88/10.02.88 | | |
| 1980-81 | എൽ.എഫ്.ഐ-5/62/88/10.02.88 | | |
| 1981-82 | എൽ.എഫ്.ഐ-5/62/88/10.02.88 | | |
| 1982-83 | എൽ.എഫ്.ഐ-5/47/85/14.11.86 | | |
| 1982-83 | എൽ.എഫ്.ഐ-5/47/85/14.11.86 | | |

| | | | |
|---|---|---|---|
| 1983-84 | എൽ.എഫ്.ഐ-5/515/87/08.06.87 | | |
| 1984-85 | എൽ.എഫ്.ഐ-5/605/88/12.10.88 | | |
| 1985-86 | എൽ.എഫ്.ഐ-5/241/90/28.02.90 | | |
| 1986-87 | എൽ.എഫ്.ഐ-5/1148/90/19.04.91 | | |
| 1987-88 | എൽ.എഫ്.ഐ-5/360/90/19.04.91 | | |
| 1988-89 | എൽ.എഫ്.ഐ-5/328/93/18.07.93 | | |
| 1989-90 | എൽ.എഫ്.ഐ-5/328/93/18.07.93 | | |
| 1990-91 | എൽ.എഫ്.ഐ-5/271/94/18.07.94 | | |
| 1991-92 & 1992-93 | എൽ.എഫ്.ഐ-5/291/95/02.01.96 | | |
| 1993-94 മുതൽ 1995-96 വരെ | എൽ.എഫ്.ഐ-8/160/98/30.01.99 | | തീർപ്പാക്കി |
| 1996-97 | എൽ.എഫ്.ഐ-8/305/98/30.12.98 | 4 | 31, 32, 38A, 38B |
| 1997-98 | എൽ.എഫ്.ഐ-8/151/99/27.09.99 | 1 | 32 |
| 1998-99 | എൽ.എഫ്.ഐ-8/307/2000 /21.10.2000 | 5 | 22, 25, 27, 31, 38 |
| 1999-2000 | എൽ.എഫ്.ഐ-8/64/01/09.07.01 | 1 | 27(1,2,3) |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.ഐ-8/113/03/06.08.03 | | തീർപ്പാക്കി |
| 2001-02 | എൽ.എഫ്.ഐ-8/41/04/27.09.04 | | തീർപ്പാക്കി |
| 2002-03 | എൽ.എഫ്.ഐ-10/98/07/08.05.08 | 2 | 2-2, 3-7 |
| 2003-04 | എൽ.എഫ്.ഐ-10/1072/07/02.01.08 | | തീർപ്പാക്കി |
| 2004-05 | എൽ.എഫ്.ഐ-10/1075/07/14.10.08 | 2 | 3-7, 3-8 |
| 2005-06 | എൽ.എഫ്.ഐ-10/1076/07/30.07.08 | | തീർപ്പാക്കി |
| 2006-07 | എൽ.എഫ്.ഐ-10/415/09/10.03.10 | 9 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2007-08 | എൽ.എഫ്.ഐ-12/873/11/14.10.11 | 14 | 2-1, 2-2,2-3,2-4,2-5,3-1,3-2,3-3,3-4,3-5, 3-6,3-7,3-8 |
| 2008-09 | എൽ.എഫ്.ഐ-12/724/11/21.01.13 | 28 | 2-1 മുതൽ 2-9, 3-1 മുതൽ 3-18 വരെ |
| 2009-10 | എൽ.എഫ്.ഐ-12/725/11/22.02.13 | 13 | 2-1, 2-2, 2-4, 2-5, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9, 3-10 |
| 2010-11 | എൽ.എഫ്.ഐ-12/280/13/17.04.13 | 9 | 2-1, 2-2,3-1,3-2,3-3,3-5,3-6,3-8, 3-9,3-10 |
| 2011-12 | എൽ.എഫ്.ഐ-12/280/13/17.04.13 | 30 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27 |
| 2012-13 | എൽ.എഫ്.ഐ-12/179/15/11.02.15 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |

| | | | |
|---|---|---|---|
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-12/974/2015 | 9 | 2-1, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-12/621/2016 | 14 | 2-1, 2-2, 2-3,3-1,3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-12/1362/2016 തീയതി. 07.10.16 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-12/139/17 തീയതി. 17.8.17 | 7 | 2-1, 2-2,2-3, 3-1, 3-2, 3-3, 3-4 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.ഐ.ഡി.കെ.12/1315/2018 തീയതി:28.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-12 ആയി പരാമർശിച്ച അപാകതകൾ ഒഴികെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി